നാടകങ്ങൾ

അലമാരയിലെ സ്വപ്നങ്ങൾ

കിളിക്കൂട്ടം ജാഥാ സ്ക്രിപ്റ്റ്



കേരള ശാസ്ത്രസാഹിത്യ പരിഷത്ത്

നാടകങ്ങൾ

1. അലമാറയിലെ സ്വപ്നങ്ങൾ
2. തീപ്പൊരിയിൽനിന്ന്

അലമാരയിലെ സ്വപ്നങ്ങൾ

ഹരിദാസ് കരിവെള്ളൂർ

(ഒരു സ്കൂൾ ലൈബ്രറി. അലമാറയിൽ അടച്ചുവച്ച പുസ്തകങ്ങൾ. പുസ്തകവേഷമണിഞ്ഞ മൂന്ന് അഭിനേതാക്കൾ നിശ്ചലരായി നിൽക്കണം– ഷെൽഫിൽ അടുക്കിയ രീതിയിൽ. ഒരു സംഗീതത്തിന്റെ നേർത്ത പശ്ചാത്തലത്തിൽ മൂന്ന് കുട്ടികൾ ഓടിവരുന്നു. വന്നപാടെ അവർ ചെറുതായി ചുമയ്ക്കുന്നു. ചിലർ തുമ്മുന്നു)

കുട്ടി I: (ബോർഡ് വായിച്ച്) സ്കൂൾ.... ലൈബ്രറി (ഈ സമയത്ത് കുട്ടി II തുമ്മുന്നു. കുട്ടി III, കുട്ടി I എന്നിവർ ചേർന്ന് ഷെൽഫ് കുലുക്കുവാൻ ശ്രമിക്കുന്നു)

പുസ്തകങ്ങൾ (ശബ്ദം): കൂട്ടുകാരേ.... അങ്ങനെ കുലുക്കല്ലെ.... ഞങ്ങള് വീഴും.

എല്ലാവരും: ഹായ്.... എന്തു രസം... പുസ്തകങ്ങൾ....

കുട്ടി II: എന്തു രസമായിരിക്കും വായിക്കാൻ....

കുട്ടി III: കഥയും പാട്ടും ഒക്കെണ്ടാവും ല്ലേ....

കുട്ടി I: ഉണ്ടാവും.... കഴിഞ്ഞയാഴ്ച എന്റെ ഒരു കൂട്ടുകാരൻ വന്നിരുന്നു. അവന്റെ കയ്യില് നല്ല ഒരു കഥാപുസ്തകം ഉണ്ടായിരുന്നു. അവന്റെ സ്കൂളിലെ മാഷ് വായിക്കാൻ കൊടുത്തതാ....

കുട്ടി II: എന്നിട്ട് നിനക്ക് വായിക്കാൻ തന്നിരുന്നോ?...

കുട്ടി I: എവിടെ! അവൻ വായനയോട് വായന തന്നെ. എത്ര ചോദിച്ചിട്ടും എനിക്കു തന്നില്ല. (മെല്ലെ നടന്ന്) അവന്റെ മാഷ് എന്തു നല്ല മാഷ്. അല്ലെ?... എപ്പോഴും പുസ്തകം കൊടുക്കും. (മറ്റുകുട്ടികൾ 'അതുശരി' എന്ന അർത്ഥത്തിൽ തലയാട്ടുന്നു.)

കുട്ടി III: എന്റെ സുജാതേച്ചീടെ കയ്യിലുണ്ടല്ലോ ഒത്തിരി പുസ്തകങ്ങൾ. ചോദിച്ചാ... (അഭിനയിച്ച്) ഇങ്ങനെ കണ്ണുരുട്ടി പേടിപ്പിക്കും. കുട്ടികൾക്കെന്തിനാ പുസ്തകം? 'പോയി ഹോംവർക്ക് ചെയ്യൂ'ന്ന് പറയും മൂപ്പത്തി.

കുട്ടി II: ബോയ്സ് ഹൈസ്കൂളിലെ സുജിത്ത് ഒരു പുസ്തകം കൊണ്ടുപോയി വീട്ടില് വായിക്കാനിരുന്നു. അവന്റെ സുഹൃത്ത് കൊടുത്തതാ.. അവന്റെ ഡാഡി അത് കണ്ടുപിടിച്ചു. കഥ വായിക്കുകയാണോ തന്റെ ജോലി എന്നും പറഞ്ഞ് തലയ്ക്കൊരു കിഴുക്ക്. പിന്നെയാ രസം. മൂപ്പര് ഒരിടത്തിരുന്ന് കഥ വായനയും തുടങ്ങി.

എല്ലാവരും: ആര്?

കുട്ടി: സുജിത്തിന്റെ ഡാഡി... അല്ലാതാരാ? (കുട്ടികൾ ചിരിക്കുന്നു) പിന്നെ ഷെൽഫിലെ പുസ്തകങ്ങളിലേക്ക് കണ്ണോടിക്കുന്നു. അവരുടെ ഉള്ളിൽ നിരാശയും ദു:ഖവും നേരിയതോതിൽ നിറയുന്നു)

കുട്ടികൾ: പക്ഷേ,... നമുക്ക് പുസ്തകം തരുന്നില്ലല്ലോ.... മാഷ്.... (പുറത്തു നിന്ന് അനൗൺസ്മെന്റ് ഉയരുന്നു. കുട്ടികൾ ശ്രദ്ധിക്കുന്നു)

അനൗൺസ്മെന്റ്: പ്രിയമുള്ള വിദ്യാർഥികളെ നമ്മുടെ ബഹുമാനപ്പെട്ട പി.ടി.എ.നമ്മുടെ സ്കൂളിലേക്ക് പുസ്തകങ്ങൾ സൂക്ഷിക്കാനായി പുതിയ ഒരു അലമാര സംഭാവന ചെയ്തിരിക്കുന്ന വിവരം സസന്തോഷം അറിയിക്കുകയാണ്. (കുട്ടികൾ ശ്രദ്ധിച്ച് കേൾക്കുന്നു) പ്രത്യേകരീതിയിൽ ചുവടുവച്ച് രണ്ടു പേർ അലമാരയുമായി വരുന്നു. (കാർട്ടൂൺ ചിത്രങ്ങളെ അനുസ്മരിപ്പിക്കുന്ന രീതിയിലുള്ള ചലനം) (പഴയ അലമാര തുറന്ന് പുസ്തകങ്ങളെടുത്ത് പൊടിതട്ടുന്നു. പുതിയ അലമാരയിലേക്ക് പുസ്തകങ്ങളെ മാറ്റുന്നു. ഇവയെല്ലാം വേഗത്തിൽ ചെയ്യണം. ഇവരുടെ ശ്രദ്ധയിൽനിന്ന് മാറി കവിത പുറത്തേക്ക് നടക്കുന്നു. പശ്ചാത്തലത്തിൽ ഒരു കവിതയുടെ ഏതാനും ഈരടികൾ... പെട്ടെന്ന് സംഘാടകർ ശ്രദ്ധിച്ച് കവിതയുടെ കഴുത്തിന് പിടിക്കുന്നു. കവിതാലാ പനം നിലയ്ക്കുന്നു. പുസ്തകങ്ങളെ അലമാരയിൽ അടച്ചുപൂട്ടി ചടുലതയോടെ പുറത്തേക്ക് പോകുന്നു. അധ്യാപകൻ വടിയുമായി വരുന്നു.)

അധ്യാപകൻ: കുട്ടികളെ...കൈയടിക്കൂ...നമ്മുടെ പുതിയ അലമാരയുടെ ഉദ്ഘാടനം കഴിഞ്ഞിരിക്കുന്നു.

കുട്ടി II: സാർ...എല്ലാം ഉദ്ഘാടനവും തുറന്നുകൊണ്ടല്ലെ... സാർ, അലമാര തുറന്ന് ഒരു പുസ്തകം തരൂ സാർ.

മാഷ്: എല്ലാ ഉദ്ഘാടനവും തുറന്നുകൊണ്ടാണെങ്കിൽ ഈ അലമാര ഉദ്ഘാടനം... അത് അടച്ചുകൊണ്ടാണെന്ന് മനസ്സിലായില്ലെ...

കുട്ടി I: സാർ... എനിക്കൊരു പുസ്തകം വേണം. വീട്ടിലിരുന്ന് കഥയും കവിതയും ഒക്കെ വായിക്കാൻ...

കുട്ടി II: എനിക്കും വേണം... സാർ ഒരു പുസ്തകം.(മാഷ് എന്താണ് കാരണം പറയേണ്ടതെന്നറിയാതെ ആലോചിക്കുന്നു... ഒടുവിൽ കാരണം കണ്ടെത്തിയതുപോലെ സന്തുഷ്ടനായി...)

മാഷ്: കഥയും കവിതയും വായിച്ചുനടന്നാൽ പരീക്ഷയിൽ തോൽക്കും. പിന്നെ നിങ്ങളുടെ രക്ഷിതാക്കൾ വന്ന് എന്നോടാ ചോദിക്കുക, എങ്ങനെയാ പരീക്ഷയിൽ തോറ്റതെന്ന്. കഥ വായിച്ചിട്ടാണെന്നു പറഞ്ഞാൽ അവരെന്നെ വെറുതെ വിടുമോ? പിന്നെന്തിനാണ് പുതിയ അലമാര സംഭാവന ചെയ്തതെന്ന് അവർ എന്നോട് തിരിച്ചു ചോദിക്കില്ലേ കുട്ടികളെ..?

കുട്ടികൾ: എനിക്കൊരു പുസ്തകം... എനിക്കും പുസ്തകം..

മാഷ്: (ചിരിച്ച്) അത്... കുട്ടികളേ,... ഈ പുസ്തകങ്ങളൊക്കെ രേഖപ്പെടുത്തിവയ്ക്കുവാൻ ഒരു പുസ്തകമുണ്ട്. അതിന്റെ പേരാണ് സ്റ്റോക്ക് റജിസ്റ്റർ. എന്ത് റജിസ്റ്റർ?...പറയൂ...

കുട്ടികൾ: സ്റ്റോക്ക് റജിസ്റ്റർ.

മാഷ്: അതെ.... അത് ഇതുവരെയും എത്തിയിട്ടില്ല.

കുട്ടി I: അത് എപ്പോഴെത്തും മാഷേ...?

മാഷ്: അതിപ്പോ എനിക്കെങ്ങന്യാ പറയാനാവ്വാ... എത്തിയാൽ എത്തി.

കുട്ടികൾ: കഴിഞ്ഞാഴ്ച മാഷ് പറഞ്ഞത് എന്താ?

മാഷ്: (ആലോചിച്ച്) ങാ...പിടികിട്ടി. പുസ്തകം പൊതിയാനുള്ള കടലാസ് എത്തിയിട്ടില്ലാന്ന്.

കുട്ടികൾ: അതിനും മുമ്പത്തെയാഴ്ച മാഷ് പറഞ്ഞതെന്താ?

മാഷ്:(ആലോചിച്ച്) ങാ... അന്ന്... നമ്പറിടേണ്ട മഷിയുണ്ടല്ലോ.. അതില്ലായിരുന്നു.

കുട്ടികൾ: ഇതാ... ഞങ്ങളുടെ സ്നേഹസമ്പന്നനായ അധ്യാപകൻ.... നമ്പറിടേണ്ട മഷിയും പൊതിയാനുള്ള കടലാസും രേഖപ്പെടുത്തേണ്ട റജിസ്റ്ററും കാരണങ്ങളാക്കി പുസ്തകങ്ങളെ ഞങ്ങളിൽനിന്നു മറച്ചുപിടിക്കുന്നു.

(അധ്യാപകൻ ഞെട്ടുന്നു)

അധ്യാപകൻ: പോ...പോ....പോയി ക്ലാസിലിരിക്ക്... സ്വാതന്ത്ര്യം തരുമ്പോ വഷളാവ്വാ... അല്ലേ.... പുസ്തകം പോലും പുസ്തകം... പോയി പഠിക്കാനുള്ളത് പഠിക്ക്. ഒന്നൂല്ലെങ്കില് അക്ഷരശുദ്ധിക്കുവേണ്ടി 'കിളിരൂരുരുളി വാലുരുളീ' എന്ന് ഉരുവിട്.. (മാഷ് പോകുന്നു) (കുട്ടികൾ 'കിളിരൂരുരുളി വാലുരുളീ...' എന്നു ചൊല്ലുന്നു. സംഘമായി ചുവട് വയ്ക്കുന്നു) അതിനുശേഷം....

കുട്ടി I: ഇനി....നമ്മളെന്താ...ചെയ്യാ....ഇഷ്ടംപോലെ സമയംണ്ടല്ലോ.

കുട്ടി II: ഞാനൊരു കളിപറയാം..

കുട്ടി III: ങാ.... പറ...

കുട്ടി II: പേര് പ്ലെയിൻ ഹൈജാക്കിംഗ്... അതായത് 'വിമാനറാഞ്ചൽ'. ടീവീല് കണ്ടതാ. ഇതൊരു വിമാനം ആണെന്ന് വിചാരിക്കുക. (വിമാനത്തിന്റെ ശബ്ദം) നമ്മൾ വിമാനത്തിനകത്താണ്.... (കുട്ടി Iനോട്) നീ പൈലറ്റ്... (കുട്ടി I പൈലറ്റായി അഭിനയിക്കുന്നു). (കുട്ടി III നോട്) നീ അസിസ്റ്റന്റ്... (കുട്ടി III അസിസ്റ്റന്റാവുന്നു). ഞാൻ ടെററ്റ്സ്റ്റ്. ഞാൻ തോക്കുമായി വരും.... (തോക്കുമായി വരുന്നു) ഹാന്റ്സ് അപ്പ്... (കുട്ടി I ഉം IIഉം കൈകൾ ഉയർത്തുന്നു. കുട്ടി I കൈതാഴ്ത്തി കീശയിൽനിന്ന് തോക്കെടുക്കുന്നു. വെടിവയ്ക്കുവാൻ ശ്രമിക്കുന്നു.)

കുട്ടി II: ഫയർ....! (പൊടുന്നനേ ശ്... എന്ന ശബ്ദം. കുട്ടികൾ ഞെട്ടുന്നു)

കുട്ടി I : (കളി മറന്ന്) വിമാനത്തിന്റെ കാറ്റു പോകുന്ന ശബ്ദമാണോ കേട്ടത്?

കുട്ടി II: ഏയ്... ഹാന്റ്സ് അപ്പ് (വീണ്ടും ശബ്ദം. കുട്ടികൾ നോക്കുമ്പോൾ പുസ്തകങ്ങൾ.)

പുസ്തകങ്ങൾ: അരുത് കുട്ടികളെ... ആ കളി കളിക്കരുത്.

കുട്ടികൾ: ദേ... പുസ്തകങ്ങൾ... (സന്തോഷത്തോടെ) പുസ്തകങ്ങൾ പാടുന്നു.. (പുസ്തകങ്ങൾ മന്ദം മന്ദം അലമാരയിൽ നിന്നിറങ്ങി വരുന്നു... ഒരുഗാനത്തിന്റെ ഈണം...)

ഗാനം: മാനസച്ചെപ്പ് തുറന്നു ഞങ്ങൾ

കാതലാം കാര്യങ്ങളോതാലോ

കാരിയ മുത്തുകൾ കോർത്തു ഞങ്ങൾ

കാരണ മാലകൾ കെട്ടാലോ...

(പുസ്തകങ്ങളെ സ്പർശിക്കുവാൻ ഉത്സാഹം കാണിക്കുന്ന കുട്ടികൾ)

പുസ്തകം I: കൂട്ടുകാരെ.... ഞാൻ കഥയാണ്. ഞാൻ നിങ്ങൾക്ക് നല്ല കഥ പറഞ്ഞുതരാം... പഞ്ചതന്ത്രം കഥകൾ.... ഈസോപ്പ് കഥകൾ... നർമകഥ കൾ... ഭാരതകഥകൾ.. അങ്ങനെ എത്രയെത്ര കഥകൾ.. വരൂ....

കുട്ടി I: (സ്വപ്നത്തിലെന്നോണം നടന്ന്) വേണം... ഞങ്ങൾക്ക് കഥ കേൾക്കണം.

കുട്ടി II: ഭാവനയിലൂടെ പറക്കണം.

കുട്ടി III: നിലാവിൽ കുളിക്കണം.. ഉദ്യാനത്തിലൂടെ നടക്കണം.

പുസ്തകം II: കൂട്ടുകാരെ, ഞാനാണ് കവിത. ഞാൻ നല്ല കവിത ചൊല്ലാം. ഈ പ്രപഞ്ചത്തെതന്നെ ഒരു മഞ്ഞുതുള്ളിയിലാവാഹിച്ച കവിത.. കവിതകൾ പാടിനടക്കണ്ടേ.. നിങ്ങൾക്ക്.

കുട്ടികൾ: വേണം.... നല്ലൊരു കവിത ചൊല്ലാൻ

നല്ലൊരു പാട്ടു കേൾക്കാൻ

ഞങ്ങൾക്കെന്തിഷ്ടാണെന്നോ?

പുസ്തകം III: ആദ്യം ഒരു കഥയാവട്ടെ എന്താ?

കുട്ടി: ഓ....

പുസ്തകം I: കൂട്ടുകാരെ... നേരത്തെ അരുതെന്നു പറഞ്ഞ ആ കളി ഇനി കളിക്ക്വോ?

കുട്ടി: എന്താ കളിച്ചാൽ? ടീവീലും സിനിമേലും ഉണ്ടല്ലോ.

പുസ്തകം: അത്തരം കളികൾ കളിച്ച് ദുരന്തത്തിലെത്തിയ കുറേ കുട്ടിക ളുടെ കഥ പറഞ്ഞുതരാം. ഒരിടത്ത്... കുറെ കുട്ടികൾ കളിച്ച്... ചിരിച്ച്... രസിച്ച്.. ജീവിച്ചിരുന്നു. ആ കഥ കേൾക്കൂ... എന്നിട്ട് നിങ്ങൾക്ക് തീരുമാ നിക്കാം.

കുട്ടികൾ: വേഗം... വേഗം.... ഞങ്ങൾക്ക് ആ കഥ പറഞ്ഞുതാ.

(കുട്ടികൾ കഥയ്ക്കരികെ ശ്രദ്ധയോടെ ഇരിക്കുന്നു)

പുസ്തകം: നിങ്ങളുടെ പ്രായത്തിലുള്ള കുറേ കുട്ടികൾ... ഒരിടത്ത്... അതാ... അവരതാ.... എത്തിക്കഴിഞ്ഞു. (കുട്ടികളുടെ കൂട്ടച്ചിരി... പശ്ചാത്തലത്തിൽ ഒരു ഗാനം)

ഗാനം: തുമ്പിക്കൊരു തംബുരുനൽകി

തുള്ളാനൊരു തുമ്പയുമേകി

മറയാത്തൊരു മഴവിൽ ചോട്ടിൽ

പറയാത്തൊരു പാട്ടും പാടി

മലരായൊരു മനസ്സിനുള്ളിൽ

മധുരാഗം തേടി വരുന്നേ

(കുട്ടികൾ കളിച്ച് രസിച്ച് സ്റ്റേജിലേക്ക് വരുന്നു. അവർ പാടുന്നുണ്ട്. ചിലർ ആടുന്നുണ്ട്. മൂന്ന് ആൺ കുട്ടികൾ, ഒരു പെൺകുട്ടി – ജോൺ, സബീന, രഘു, സുനിൽ... എന്നിവർ. പാട്ടിന്റെ അവസാനം...)

ജോൺ: ഈ പാട്ടൊക്കെ പഴഞ്ചനാ...

സബീന: പിന്നെ ഏതു പാട്ടാ ജോണേ പുതിയത്?

ജോൺ: (ഉറക്കെ) ഐ വിൽ കിൽ യു.

കുട്ടികൾ: ങേ....

ജോൺ: ഐ വിൽ കിൽ യു

ഐ വിൽ കിൽ യു

ഐ വിൽ കിൽ യു റാസ്കൽ.. (കുട്ടികൾ പാടുന്നു)

സുനിൽ:ജോണിന്റെ അപ്പൻ പോലീസല്ല്യോ... അപ്പൻ പാടുന്ന പാട്ടായിരിക്കും. അല്ലേ...

രഘു: പാട്ടു മാത്രമല്ല. ജോണിന് അപ്പന്റെ വക തൊഴിയും കിട്ടാറുണ്ട്. അല്ലേ...

ജോൺ: എടാ രഘൂ... വലുതായാല് ഞാൻ പപ്പയേക്കാൾ വലിയ എസ്.ഐ. ആകും. എന്നിട്ട്..(ഓർമയിൽ ബാന്റ് വാദ്യം)

(ജോൺ പോലീസ് മാർച്ച് പാസ്റ്റ് നയിക്കുന്നു. കുട്ടികൾ മാർച്ച് പാസ്റ്റിൽ പങ്കെടുക്കുന്നു)

ജോൺ: സ്റ്റോപ്പ്. ഇനി നമുക്ക് കളിക്കാം.

സുനിൽ:(കുട്ടികൾ തുള്ളിച്ചാടുന്നു) ഒരു നാടകമായാലോ...?

ജോൺ: ഞാൻ പോലീസ്... സബീനാ... നീ എന്റെ കെട്ട്യോളായി അഭിനയിക്ക്.(ജോൺ മീശപിരിക്കുന്നു)

സബീന: എനിക്കുവയ്യ.

ജോൺ:(മീശ ചുരുട്ടി) കൊല്ലും ഞാൻ.

സബീന: ഓ...പിന്നെ...

രഘു: സബീനാ... അടങ്ങിയിരിക്ക്.. നമുക്കെന്തെങ്കിലും കളിക്കാം.

ജോൺ:(ഒന്നമർത്തി മൂളി) ഞാൻ പോലീസാ.. എന്നോട് കളിക്കരുത്.. ഞാൻ തോക്കെടുത്ത് വെടിവയ്ക്കാൻ കളിക്കുമ്പോൾ നിങ്ങളെല്ലാവരും കൈയുയർത്തണം. ഓ... കെ...)

സബീന: ഞാൻ കയ്യുയർത്തില്ല.

ജോൺ: എടീ... തോക്കിന്റെ മുന്നിൽ നിന്റെ അഹങ്കാരം വേണ്ട കേട്ടോ...

സുനിൽ: ഞാൻ കള്ളനാവും. അല്ലെങ്കിൽ കള്ളക്കടത്ത്.. പോലീസിന്റെ തോക്ക് ഞാൻ തട്ടിയെറിയും.

ജോൺ: ഓഹോ... അത്രയ്ക്കായോ...? എങ്കിൽ സ്റ്റണ്ട് കളിക്കാം. (കുട്ടികൾ സ്റ്റണ്ട് കളിക്കുന്നു. പെട്ടെന്ന് രഘു)

രഘു: ജോണേ... തോക്കെടുക്കൂ... (ജോൺ തൊക്കെടുക്കുന്നു)

ജോൺ: ഫയർ... (വെടിവയ്ക്കുന്നു. മറ്റുള്ളവർക്ക് വെടികൊള്ളുന്നു. ആംഗ്യങ്ങൾ മാത്രം. ഒരുനിമിഷം ദൃശ്യം നിശ്ചലം. അനന്തരം കുട്ടികൾ ഉറക്കെ ചിരിച്ചുകൊണ്ട് തുള്ളിച്ചാടുന്നു)

കുട്ടികൾ: ഇനിയോ?

സബീന: നമുക്കു ഈ കളിയെല്ലാം മതിയാക്കാം. എന്നിട്ട് ഒളിച്ചുകളി കളിക്കാം.

രഘു: അതു വേണ്ട. ക്രിക്കറ്റ്.

സുനിൽ: ഫുട്ബോൾ..

ജോൺ: ദ ഹാംഗിംഗ്.. ഒരു പുതിയ കളിയാ... (കുഴപ്പം ഉണ്ടാക്കുന്നു)

സുനിൽ: എന്നാല് നമുക്കിടാം.. ഏതു കളിയാണെന്ന് നറുക്കിട്ട് തീരുമാനിക്കാം.

(ഓരോരുത്തരും കീശയിൽനിന്നും കടലാസ്സും പേനയും എടുത്ത് എഴുതുന്നതായി നടിക്കുന്നു. നറുക്കുണ്ടാക്കുന്നു സബീന നറുക്കെടുക്കുന്നു.)

സബീന: (നമുക്ക് വായിച്ച്).. ദ.. ഹാംഗിംഗ്.

ജോൺ: (തുള്ളിച്ചാടി) ങാ... ഹാംഗിംഗ് .. തൂക്കിക്കൊല്ലൽ... വളരെ പുതിയ കളി.... (കുട്ടികൾ കയ്യടിക്കുന്നു).

രഘു: അതെന്തുകളിയാ... ജോണേ....?

ജോൺ: ഞാനിന്നെലെ ഒരു സിനിമ കണ്ടു. അതില് കണ്ട കളിയാ.

സുനിൽ: അതെങ്ങിന്യാ കളിക്കാ... (ജോൺ ഗൗരവത്തിൽ കൈകൊണ്ട് കോടതിയുടെ മേശ സൃഷ്ടിക്കുന്നു. പിന്നെ ചുറ്റികകൊണ്ട് 'ഓർഡർ ഓർഡർ' എന്നു പറഞ്ഞ് മേശമേൽ അടിക്കുന്നു. കുട്ടികൾ ഒതുങ്ങി നിൽക്കുന്നു).

ജോൺ: ഞാൻ... ന്യായാധിപൻ... ഞാൻ പറയുമ്പോൾ രഘു തൂക്കുകയറുമായി വരിക.

രഘു: എവിടുന്നാ ജോണേ കയർകിട്ടുക?

സുനിൽ: ശ്... യുവർ ഓണർ എന്ന് സംബോധന ചെയ്യുക.

രഘു: യുവർ ഓണർ. എവിടുന്നാ കയർ കിട്ടുക?

ജോൺ: അന്വേഷിക്കൂ.

സുനിൽ: കുന്നിയൂർ കൃഷ്ണൻകുട്ടി മകൻ രഘു കയറുമായി വരിക

സുനിൽ: യുവർ ഓണർ... ആരെയാണ് തൂക്കിക്കൊല്ലേണ്ടത്?

(മൂന്നു പ്രാവശ്യം)

ജോൺ: (സബീനയേയും സുനിലിനേയും നോക്കി) നിങ്ങൾ ഇരുവരും. ഒന്നുമുതൽ പത്തുവരെ എണ്ണുക. പത്താമത്തെയാൾ തൂക്കിക്കൊല്ലപ്പെടും. സ്റ്റാർട്ട്....

(സുനിലും സബീനയും 10 വരെ എണ്ണുന്നു. 10-ാമത് സബീനയാണ്)

സബീന: വേണ്ട വേണ്ട... ഇത് കള്ളക്കളിയാ... ആദ്യേ എണ്ണണം.

ജോൺ: സബീനയെ തൂക്കിലിട്ടു.

സബീന: (വേദനയോടെ) വേണ്ട... എന്നെ കൊല്ലണ്ട... ഞാൻപോയാ... എന്റുമ്മാക്കാരൂല്ല.

രഘു: (അടുത്ത് ചെന്ന് ചിരിച്ച്) ഒരു കളിയല്ലേ സബീനാ... സമ്മതിക്ക്.

(അവളെയുംകൂട്ടി തൂക്കുമരത്തിനടുത്തേക്കുപോകുമ്പോൾ ആകാംക്ഷയുടെ സംഗീതം)

ജോൺ: നിൽക്കൂ. സബീനയുടെ അവസാനത്തെ ആഗ്രഹം എന്താണ്?

സബീന: പറയട്ടെ.

ജോൺ: പറയൂ.... ആഗ്രഹം സാധിച്ചുതരുന്നതാണ്.

സബീന: നിന്റെ കവിളിലൊന്ന് പൊട്ടിക്കണം.

(സബീന ജോണിനെ അടിക്കുന്നു)

ജോൺ: (ദേഷ്യത്തോടെ) ആരാച്ചാർ... സബീനയുടെ കഴുത്തിൽ കുരുക്കിടൂ.... (ആകാംക്ഷയുടെ സംഗീതം മുറുകുന്നു. രഘു സബീനയേയുംകൂട്ടി തൂക്കുമരത്തിനരുകിലേക്ക് നീങ്ങുന്നു. ദൃശ്യം നിശ്ചലമാകുന്നു. പശ്ചാത്തലത്തിൽ അരുത് കുട്ടികളെ ആ കളികളിക്കരുത്. പുസ്തകങ്ങളുടെ ശബ്ദം)

(ദൃശ്യം മാറുന്നു. വീണ്ടും സ്കൂൾ ലൈബ്രറി... ലൈബ്രറിയിൽ കുട്ടികൾ.. കുട്ടികൾ അത്ഭുതസ്തബ്ധരായി താഴെ നിൽക്കുന്നു)

കുട്ടികൾ: ങേ... പുസ്തകങ്ങൾ അലമാരയിൽ!

കുട്ടി I: അപ്പോ നമ്മളോട് കഥ പറഞ്ഞത്.

കുട്ടി III: കഥയിൽ നമ്മൾ കണ്ടതൊക്കെ സ്വപ്നമാണോ?

കുട്ടി I: ദാ മാഷ്.. (മാഷ് വരുന്നു)

മാഷ്: എന്താ. എല്ലാവരും മിഴിച്ചുനിൽക്കുന്നത്?

കുട്ടികൾ: മാഷേ... മാഷേ... ഞങ്ങളൊരു സ്വപ്നം കണ്ടു.

മാഷ്: എന്ത് സ്വപ്നാ കുട്ടികളേ.

കുട്ടി I: ഈ ലൈബ്രറീന്ന് പുസ്തകങ്ങൾ ഇറങ്ങി വന്നു.

കുട്ടി II: കഥയും കവിതയും ഒക്കെ വന്നു.

കുട്ടി I: കഥാപുസ്തകം ഒരു കഥ പറഞ്ഞുതന്നു.

കുട്ടി III: തോക്കുകൊണ്ടും ബോംബുകൊണ്ടും കളിച്ചുകളിച്ചു ഒടുവിൽ മരണക്കളി കളിച്ച കുട്ടികളുടെ കഥയാ മാഷേ...

മാഷ്: എടാ... പഠിക്കാനുള്ളപ്പോൾ എന്തിനാ ഇങ്ങൊക്കെ വന്നത്? സ്വപ്നം കാണാനോ?

കുട്ടി: മാഷേ... നശിച്ച കളികളിലേർപ്പെടാതെ നല്ല പുസ്തകം വായിക്കാനാ കഥ ഞങ്ങളോട് പറഞ്ഞത്. അതോണ്ട്... മാഷേ, ഒരു പുസ്തകം.

മാഷ്:പുസ്തകം പറയാ.... നല്ല കാര്യായി...

(പൊടുന്നനെ പുസ്തകങ്ങൾ തിരിയുന്നു)

പശ്ചാത്തലത്തിൽ: പ്രിയമുള്ള അധ്യാപകരേ... രക്ഷിതാക്കളേ... ഞങ്ങൾ പുസ്തകങ്ങൾ പറയുന്നു. തോക്കും ബോംബും ചുഴറ്റി ജീവിതംതന്നെ പന്താടുന്ന ഈ സമൂഹത്തെത്തന്നെ മാറ്റിത്തീർക്കാൻ ഞങ്ങളെയൊന്ന് തുറന്നുവിടൂ. ഞങ്ങളുടെ താളുകളിലെ നിർമലമായ മനുഷ്യസ്നേഹം ഉൾക്കൊള്ളാൻ ഈ കുട്ടികളെ ഒന്നനുവദിക്കൂ.

ഇവർ പഠിക്കട്ടെ. ഇവർ വായിച്ചുരസിക്കട്ടെ. ഇവർ നന്മയുടെ പൂക്കളയി വിടരട്ടെ.

കുട്ടികൾ: (ആഹ്ലാദം) മാഷേ... അതാ പുസ്തകങ്ങൾ മറയുന്നു. ഒരു പുസ്തകം തരൂ മാഷേ...(മാഷ് ഒരു നിമിഷം ചിന്തയിൽ. പിന്നെ പുസ്തക അലമാര തുറക്കുന്നു. പുസ്തകങ്ങൾ ആഹ്ലാദസംഗീതത്തോടെ കുട്ടികളുടെ കൈകളിലേക്ക്... കുട്ടികളും പുസ്തകങ്ങളും നൃത്തമാടുമ്പോൾ ചാരിതാർഥ്യത്തോടെ നോക്കിനിൽക്കുന്ന അധ്യാപകർ).

തീപ്പൊരിയിൽനിന്ന്

(ഏഴാംതരം മലയാളപാഠപുസ്തകത്തിലെ ഒരു പാഠത്തെ ആധാര മാക്കി എഴുതിയ നാടകമാണിത്. യശ: ശരീരനായ പി.കേശവദേ വിന്റെതാണ് ഈ കഥ)

രംഗം I

(പപ്പുപ്പിള്ളയുടെ ചായക്കട; മറുഭാഗത്ത് അദ്രമാന്റെ മുറുക്കാൻ കട. ഒന്നുരണ്ടുപേർ ചായക്കടയിലും മുറുക്കാൻ കടയിലുമായി വന്നുപോകുന്നു നടുവിൽ ഒരു ബഞ്ച് കിടപ്പുണ്ട്. അദ്രമാൻ കത്രികയും മുറവും മടിയിൽ വച്ച് ബീഡി തെറുക്കുന്നു. പപ്പുപ്പിള്ള ദോശചുടുകയും ചായ ചേർക്കുകയും ചെയ്തു കൊണ്ടിരിക്കുന്നു. ഒരു ചെറുപ്പക്കാരൻ വന്ന് ബഞ്ചിലിരുന്ന് ചായ ആവശ്യ പ്പെട്ടു. അകലെ ഒരു മൈക്ക് അനൗൺസ്മെന്റ് കേൾക്കാം.)

അനൗൺസ്മെന്റ്: മല്ലയുദ്ധപ്പോരാട്ടം. പ്രതീക്ഷിപ്പിൻ – പ്രതീക്ഷിപ്പിൻ – കായിക–കലാ പ്രേമികൾക്ക് കണ്ണും കരളും കുളിർപ്പിക്കാനുള്ള കനകാവസരം പാഴാക്കരുതേ. (വാഹനമായി രണ്ട് കുട്ടികൾ രംഗത്തെത്തുന്നു) വരുവിൻ! കാണുവിൻ! ആനന്ദിപ്പിൻ! ഗംഭീര ഗുസ്തിമത്സരം! മയ്യനാട് ഹനുമാൻ സ്റ്റേ ഡിയത്തിൽ ധനു ഒന്നാംതിയതി ഞായറാഴ്ച വൈകുന്നേരം 4.30–ന് ഗംഭീര ഗുസ്തി – മല്ലയുദ്ധപ്പോരാട്ടം (നോട്ടീസ് വിതറി പോകുന്നു. ചെറുപ്പക്കാർ നോട്ടീസ്സെടുത്ത് വായിക്കുന്നു)

രണ്ടു കുട്ടികൾ: എന്താണ് ഈ മല്ലയുദ്ധപ്പോരാട്ടം? അയ്യോ.. അതറി യില്ലേ? മല്ലയുദ്ധപ്പോരാട്ടമെന്നു പറഞ്ഞാൽ... അതാണ്.... ഗുസ്തിമത്സരം.

അദ്രമാൻ: ഗുസ്തിയാണോ സാറേ... എവിടെയാ?

ചെറുപ്പക്കാരൻ: (വായന) ഇത്ര വാശിയോടും വൈരാഗ്യത്തോടും കോപത്തോടും കൂടി ജയാപജയങ്ങൾ തിരിച്ചറിയുന്നതുവരെ നടത്തുന്നതായ ഒരു മഹാമല്ലയുദ്ധം ഇതിനു മുമ്പുണ്ടായിട്ടില്ല. ഇനി ഉണ്ടാവുകയുമില്ല.

അദ്രമാൻ: (കത്രികയുമായി അടുത്തുവരുന്നു) അങ്ങനെയാണെങ്കിൽ അതൊന്നു കാണണമല്ലോ. എവിടെയാ സാറെ.. എവിടെയാ?...

പപ്പുപ്പിള്ള: (ചട്ടുകവുമായി വന്നു) അത്രവാശിയാണെങ്കിലെനിക്കു മൊന്നുകാണണം. ഫയൽമാൻമാരാരൊക്കെയാ സാറെ?

അദ്രമാൻ: വായിച്ചാട്ടെ സാറെ. വായിച്ചാട്ടെ.

ചെറുപ്പക്കാരൻ: മയ്യനാട് ഹനുമാൻ സ്റ്റേഡിയത്തിൽ ധനു ഒന്നാംതിയതി വൈകുന്നേരം 4.30 ന് വാശിയും വൈരാഗ്യവുമുള്ള മല്ലയുദ്ധമാകയാൽ സമാധാന ലംഘനമുണ്ടാവാതിരിക്കാൻ പോലീസ് ബന്തവസ്സ് ഉണ്ടായിരിക്കും.

അദ്രമാൻ: ഫയൽമാന്മാരുടെ പേരു വായിക്കണം. സാറെ..

ചെറുപ്പക്കാരൻ: ഇനി അതാണ് വായിക്കാൻ പോകുന്നത്. ഫയൽമാൻ മാർ...

പപ്പുപ്പിള്ള: നിക്കണെ സാറെ. (ഓടിച്ചെന്ന് ദോശ മറിച്ചിട്ടുവരുന്നു) ഇനി വായിക്കണം സാറെ....

ചെറുപ്പക്കാരൻ: അഖിലകേരള ഗാമ എന്ന അപരനാമത്താൽ അഖില ഭാരത പ്രശസ്തി സമ്പാദിച്ചവനും മലയാളികളുടെ അഭിമാനസ്തംഭവുമായ മേക്കാട്ട് നാണുപ്പിള്ള ഫയൽമാൻ.

പപ്പുപ്പിള്ള: (രണ്ട് ചാട്ടം ചാടി) ഭേഷ്! ഭേഷ്! നാണുപ്പിള്ളച്ചേട്ടനുണ്ടെങ്കിൽ പിന്നെ ചോദിക്കേണ്ട. ആരു ജയിക്കുമെന്ന്.... ആനയെ എടുത്ത് പന്താടുന്നവനാ മേക്കാടൻ. ഹ്ഹ...ഹ്ഹ...

അദ്രമാൻ: കെടന്നുചാടാതെ അടങ്ങിയിരി പപ്പുപ്പിള്ളേ. എതിരുഫയൽ മാൻ– ആരാണെന്നുകൂടെ അറിയട്ടെ.

(കുഞ്ഞുമൊയ്തീൻ വരുന്നു. അദ്രമാനോട്) എന്തുവാടാ അദ്രമാനേ..

അദ്രമാൻ: (ചിരി) ഒരു തമാശ കേക്കണോ കൊച്ചിക്കാ.. ഈ പപ്പുപ്പിള്ള പറയുന്നു മേക്കാടൻ ആനയെ എടുത്ത് പന്താടുമെന്ന്.

കുഞ്ഞുമൊയ്തീൻ: പന്തില്ലാഞ്ഞിട്ടാണോടാ ആനയെ എടുക്കുന്നത്? എന്താ കാര്യം?

ചെറുപ്പക്കാരൻ: പഞ്ചാബ് പഞ്ചാനനെന്ന് പേരുകേട്ട മല്ലവീരൻ– മുഹമ്മദ് ഹുസൈൻ.

കുഞ്ഞുമൊയ്തീൻ: ഹ...ഹ... (പൊട്ടിച്ചിരി) നമ്മുടെ ഹുസൈനാണോ? മേക്കാടനെ മലർത്തിയടിക്കും.. (ഇരിക്കുന്നു)

അദ്രമാൻ:(ചിരിച്ച്) പത്ത് മേക്കാടന്മാരെ ചുരുട്ടി കക്ഷത്ത് വച്ചോണ്ട് പോകുന്നവനാ ഹുസൈൻ. അറിയാമോ?

പപ്പുപ്പിള്ള: മേക്കാടനെ ചുരുട്ടി കക്ഷത്തുവയ്ക്കാൻ ബ്രഹ്മാവ് വിചാരിച്ചാലും പറ്റൂല്ലെടൊ. അറിയാമോ? ങ്ഹാ...

കുഞ്ഞുമൊയ്തീൻ: നിങ്ങടെ ബ്രഹ്മാവിനെക്കൊണ്ടാകാത്തത് ഞങ്ങടെ ഹുസൈനെക്കൊണ്ടാകും. അറിയാമോ?

പപ്പുപ്പിള്ള: (ദേഷ്യം) നിങ്ങടെ ഹുസൈനും നിങ്ങടെ അള്ളായും കൂടെ വന്നാലും മേക്കാടന്റെ ചെറുവിരല് മടക്കാനൊക്കത്തില്ല. ങ്ഹാ.

(അദ്രമാൻ പപ്പുപ്പിള്ളയുടെ നേരെ കുതിച്ചു. കുഞ്ഞുമൊയ്തീൻ പിടിച്ചു നിർത്തി)

കുഞ്ഞുമൊയ്തീൻ: അടങ്ങടാ അദ്രമാനേ. (ബഹളം കേട്ട് ആളുകൾ വരുന്നു)

അദ്രമാൻ: അല്ല കാക്കാ ഈ കാഫറ് പറഞ്ഞത് കേട്ടില്ലേ. നിങ്ങടെ അള്ളാവന്നാലും മേക്കാടന്റെ ചെറുവിരല് മടക്കാനൊക്കത്തില്ലെന്ന്.

പപ്പുപ്പിള്ള: ഒക്കാഞ്ഞിട്ടുതന്നാണെടോ ഒക്കത്തില്ലെന്ന് പറഞ്ഞത്.

അദ്രമാൻ: എന്നാൽ ഒന്നുകൂടെ പറയാമോടാ കള്ളക്കാഫറേ.

കുഞ്ഞുമൊയ്തീൻ: എടാ.. അടങ്ങി നിൽക്കാനാല്ലേ പറഞ്ഞത്?

അദ്രമാൻ: അല്ല കാക്കാ, ആ നോട്ടീസൊന്ന് വായിച്ചുനോക്ക്. മേക്കാടൻ ഗാമയാണ് പോലും. ഗാമ ഇസ്ലാമല്ലേ. ഇസ്ലാമിന്റെ പേര് കാഫറിനിടാമോ?

കുഞ്ഞുമൊയ്തീൻ: എടാ മനുഷ്യന്റെ പേര് പട്ടിക്കിടാറില്ലേ?

പപ്പുപ്പിള്ള: (ക്ഷമ നശിച്ച്) എടാ.. (മുന്നോട്ടായുന്നു) ചെറുപ്പക്കാരൻ തടയുന്നു.

ചെറുപ്പക്കാരൻ: ഏയ് ഇതെന്തു ഭ്രാന്താണ്? വല്ലയിടത്തും വല്ലവരും ഗുസ്തിപിടിക്കുന്നതിന് നിങ്ങൾക്കെന്തു ചേതം?

പപ്പുപ്പിള്ള: എന്താ ചേതമെന്നോ? ഇവന്മാരു പറഞ്ഞതു കേട്ടില്ലേ. (കുഞ്ഞുമൊയ്തീൻ ചാടി പപ്പുപ്പിള്ളയുടെ കരണത്തടിച്ചു. പപ്പുപ്പിള്ള ഒന്നാടി... കയ്യിലിരുന്ന ചട്ടുകം ഉയർത്തി കുഞ്ഞുമൊയ്തീന്റെ തലയിൽ വെട്ടി. തലപിളർന്നു)

കുഞ്ഞുമൊയ്തീൻ: അള്ളാ.... കൊല്ലെടാ അവനെ.

(അദ്രമാൻ ബീഡി തെറുക്കുന്ന കത്രികകൊണ്ട് പപ്പുപ്പിള്ളയുടെ വയറ്റിൽ കുത്തി. കുഞ്ഞുമൊയ്തീനും പപ്പുപ്പിള്ളയും താഴെവീണു പിടഞ്ഞു)

അദ്രമാൻ: (അലറി, വീണ്ടും വീണ്ടും കുത്തുന്നു. കൂട്ടനിലവിളിയോടെ ഇരുഭാഗത്തുനിന്നും കോറസ്സെത്തുന്നു)

കോറസ്സ്: "ചായക്കട ചോരക്കളമായി....

പൊതു നിരത്തുകൾ കൊലക്കളമായി...

ദേവാലയങ്ങൾ കശാപ്പുകാരുടെ സങ്കേതങ്ങളായി"

സന്ധ്യയായപ്പോൾ ലഹള പട്ടണം കടന്ന് ഗ്രാമങ്ങളിലേക്ക് പടർന്നു.

കുടിലുകൾ കത്തിയെരിയുന്നു.

നാട്ടിലെങ്ങും മനുഷ്യരില്ലാതെയായി.

(കോറസ്സ് ഒരുമിച്ച്): പരസ്പരം കഴുത്തറക്കുന്ന ഹിന്ദുക്കളും മുസ്ലീങ്ങളും മാത്രം.

(കോറസ്സ് പിൻവാങ്ങുന്നു. അലർച്ചകൾ- പോർവിളികൾ - ദീനരോദനങ്ങൾ, പട്ടികളുടെ ഓലിയിടലുകൾ..)

രംഗം II

(സൈക്കിൾ ബെല്ലടിച്ചു.) ഭയങ്കരമായ ഹിന്ദു മുസ്ലീം ലഹള. (ഒരു പയ്യൻ ഒരു പത്രമിട്ട് പറഞ്ഞുകൊണ്ടുപോകുന്നു.) ഗ്രാമങ്ങളിലേക്കും ലഹള ബാധിക്കുന്നു.

(ആദ്യം കാണുന്ന ചെറുപ്പക്കാരൻ വന്ന് പത്രമെടുത്ത് നോക്കുന്നു. അകലെ വാർത്ത കേൾക്കാം. അതനുസരിച്ച് അയാളുടെ മുഖഭാവം മാറുന്നു) അമ്പലങ്ങളും പള്ളികളും കത്തിയെരിയുന്നു. മൂന്നു സ്ഥലത്ത് പോലീസ് വെടിവച്ചു. പട്ടാളം ഫ്ലാഗ് മാർച്ച് നടത്തി.

മറ്റൊരുശബ്ദം: ഈ പ്രദേശത്ത് ഇന്നുമുതൽ 14 ദിവസത്തേക്ക് 144-ാം വകുപ്പനുസരിച്ച് നിരോധനം ഏർപ്പെടുത്തിയിരിക്കുന്നു. നാലോ അതിൽ കൂടുതലോ ആളുകൾ കൂട്ടം കൂടുന്നതും ആയുധങ്ങൾ കൊണ്ടുനടക്കുന്നതും നിരോധിച്ചിരിക്കുന്നു. വിപരീതമായി പ്രവർത്തിക്കുന്നവരെ കണ്ടാലുടൻ വെടിവച്ച് കൊല്ലുന്നതാണ്. (ചെറുപ്പക്കാരൻ പേടിച്ചുവിറച്ച് പോകുന്നു)

(ഒരുവശത്തുനിന്ന് കുറെ ആളുകൾ അട്ടഹാസങ്ങളുമായി കടന്നു പോകുന്നു. മറുഭാഗത്തുനിന്ന് ഒരു കൂട്ടർ മറുവശത്തേക്കും കടന്നു പോകുന്നു. ചെറുപ്പക്കാരൻ ഒളിക്കുന്നു. ആരവങ്ങൾ അകലെ കേൾക്കാം. ചെറുപ്പക്കാരൻ വീണ്ടും പത്രം നിവർത്തി) 'പിടിയെടാ അവനെ' (ആൾക്കൂട്ടം അയാളെ വളഞ്ഞ് കൈകൾ ഉയർത്തുന്നു).

(ചെറുപ്പക്കാരൻ സ്റ്റേജിന്റെ ഒരു മൂലയിലേക്ക് ഓടുന്നു)

ഒരാൾ: വേണ്ടടാ. അവൻ നമ്മുടെ ആളാ..

മറ്റൊരാൾ: എങ്കിൽ അവന്റെ കയ്യിലും കൊട് ഒരു കഠാര.

ഒരാൾ: ഇന്നാ... പിടിയെടാ..

ചെറുപ്പക്കാരൻ: എനിക്ക് കഠാരയും ശൂലവുമൊന്നും വേണ്ട.

ഒരാൾ: വാങ്ങെടാ കഠാര.

ചെറുപ്പക്കാരൻ: എനിക്കു വേണ്ട. നിങ്ങളെല്ലാം ദയവുചെയ്ത് ആയുധങ്ങൾ കളഞ്ഞ വീടുകളിൽ പോകണം.

ഒരാൾ: ഛീ.. നീയാരാടാ ഞങ്ങളെ ഉപദേശിക്കാൻ?

ചെറുപ്പക്കാരൻ: ഞാൻ നിങ്ങളുടെ ഒരു സഹോദരൻ.

ഒരാൾ: എന്നാൽ കഠാരയും വാങ്ങിക്കൊണ്ടുവാ അവന്മാരെ കൊല്ലാൻ.

ചെറുപ്പക്കാരൻ: അവരും എന്റെ സഹോദരന്മാരാണ്.

ഒരാൾ: ങ്ഹാ.. എന്നാൽ നീയും ചാവണം.

ഒരാൾ: കൊല്ലടാ അവനെ... കുത്തെടാ...(അവർ വളഞ്ഞുനിന്ന് കുത്തി ക്കൊല്ലുന്നു)

കോറസ്സ്: ഭ്രാന്ത് ശമിച്ചു... എങ്ങും ശ്മശാനത്തിന്റെ ശാന്തത.

ചത്തവരുടെ കണ്ണുകൾ ശേഖരിച്ചുകൊണ്ടേയിരിക്കുന്നു.

ഒഴുകിയ രക്തം ഉണങ്ങി മണ്ണിൽ ചേർന്നു

വീടുകളും കടകളും ഉണ്ടായിരുന്നിടത്ത് അസ്ഥികളും ചാമ്പലും കരിക്കട്ടയും കുന്നുകൂടി കിടക്കുന്നു. (കോറസ്സ് മറയുന്നു.)

രംഗം III

(മമ്മത് കരിക്കട്ടകൾക്കിടയിൽനിന്ന് കത്രിക എടുത്ത് ഏങ്ങി ഏങ്ങി കരയുന്നു. ഗോപാലൻ കയ്യിൽ ഓലകെട്ടാനുള്ള ഓലക്കാലുകളുമായി വരുന്നു)

ഗോപാലൻ: എന്തിനാ മമ്മതേ കരയുന്നത്?

മമ്മത്: ഇതൊക്കെ കണ്ടപ്പൊ കണ്ണുനിറഞ്ഞുപോയി ഗോപാലാ.

ഗോപാലൻ: ഓ... ഇനി കരഞ്ഞിട്ടുകാര്യമെന്താ? ചാവാനുള്ളവരൊക്കെ ചത്തു. ഇനി നമുക്ക് നമ്മുടെ കാര്യം നോക്കാം.

മമ്മത്: എങ്ങനെ കരയാതിരിക്കും? ഉമ്മയും മൂന്ന് അനിയത്തിമാരുമുണ്ട്. അവരെ ഞാനെങ്ങനെ പോറ്റും?

ഗോപാലൻ: എനിക്കുമുണ്ട് മമ്മതേ അമ്മയും ഒരു കൊച്ചു പെങ്ങളും. എന്റെ ചേട്ടന്മാരു രണ്ടുപേരും ചത്തു.

മമ്മത്: ഗോപാലൻ ഇനി എന്തു ചെയ്യാമ്പോണു?

ഗോപാലൻ: ചേട്ടന്റെ തൊഴിൽ തന്നെ ഞാനും ചെയ്യാൻ പോണു.

മമ്മത്: അതിനാണോ ഓലയും മുളയും കൊണ്ടു വന്നത്?

ഗോപാലൻ: കടപോലെ ഒന്നു കുത്തിമറയ്ക്കണം.

മമ്മത്: എനിക്കതിനു നിവൃത്തിയില്ല. ഓലയുമില്ല, മുളയുമില്ല.

ഗോപാലൻ: അതിനു വിഷമിക്കേണ്ട മമ്മതേ. നമുക്ക് രണ്ടുപേർക്കും കൂടി ഒരു കടമതി. പകുതി എനിക്കും പകുതി മമ്മതിനും.

മമ്മത്: ഗോപാലന് വിരോധമില്ലേ?

ഗോപാലൻ: കൊള്ളാം. നിന്റെ ബാപ്പേം എന്റെ ചേട്ടനും ഒരമ്മപെറ്റ മക്കളെപ്പോലെയല്ലേ ഇവിടെ കച്ചവടം നടത്തിയിരുന്നത്?

മമ്മത്: എന്നിട്ടവർക്ക് കിറുക്ക് പിടിച്ചു. തമ്മിൽത്തമ്മിൽ കൊന്നു.

ഗോപാലൻ: നേരാ. ഈ ചട്ടുകം കൊണ്ടാണ് എന്റെ ചേട്ടൻ നിന്റെ ബാപ്പയുടെ തലയിൽ വെട്ടിയത്.

മമ്മത്: എന്റെ ബാപ്പയുടെ ഈ കത്രികകൊണ്ടാണ് നിന്റെ ചേട്ടനെ കുത്തിയത്. (ഇരുവരും കത്രികയും ചട്ടുകവും അങ്ങകലേക്ക് വലിച്ചെറിയുന്നു)

(കോറസ്സ് വരുന്നു. ഇരുകടകളിലും തകൃതിയായ കച്ചവടം. വന്നവരും കൂടി ഗോപാലനെയും മമ്മതിനെയും സഹായിക്കുന്നുണ്ട്. കടയുടെ നടുവിൽ ഒരു പോസ്റ്ററിൽ വ്യക്തമായി ഇങ്ങനെ എഴുതിയിരുന്നു: "മതഭ്രാന്തന്മാർക്ക് പ്രവേശനമില്ല".)

കിളിക്കൂട്ടം ജാഥാ സ്ക്രിപ്റ്റ്
പ്രസാധനം, വിതരണം: കേരള ശാസ്ത്രസാഹിത്യ പരിഷത്ത്
വില:1.50ക